(ബി) മൂലധന സംഭരണത്തിന്റെ വിശദാംശങ്ങൾ പിന്നീട് തീരുമാനിക്കുന്നതാണ്. തുറമുഖ വികസനത്തിന് സ്വകാര്യ പങ്കാളിത്തത്തിന് താൽപ്പര്യം ക്ഷണിച്ചുകൊണ്ടുള്ള പരസ്യം 23-12-2003-ന് നൽകിയിട്ടുണ്ട്.

(സി) ഇല്ല.

(ഡി) കേന്ദ്ര ഷിപ്പിംഗ് മന്ത്രാലയമോ ഇതര വകുപ്പുകളോ ഈ പദ്ധതിക്ക് സഹായമൊന്നും വാഗ്ദാനം ചെയ്തിട്ടില്ല. പ്രധാനമന്ത്രിയുടെ സാഗർമാല പദ്ധതിയിൽപ്പെടുത്തി സഹായം അനുവദിച്ച് നൽകണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോടഭ്യർത്ഥിച്ചിട്ടുണ്ട്.

ആലപ്പുഴ തുറമുഖ വികസനം

109 [551] ശ്രീ. കെ. സി വേണുഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ തുറമുഖ വികസനത്തിനായി വിശദമായ പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കുന്നതിന് എൽ. ആൻറ് ടി. റാംബോൾ എന്ന സ്ഥാപനത്തെ തിരഞ്ഞെടുത്തിട്ടുണ്ടോ;

(ബി) എങ്കിൽ ഈ സ്ഥാപനം പ്രസ്തുത റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ എന്നു സമർപ്പിച്ചു; വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഇതു സംബന്ധിച്ച് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദ വിവരങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. 2003 ഏപ്രിലിൽ റിപ്പോർട്ട് കിട്ടിയിട്ടുണ്ട്. ആലപ്പുഴ ഒരു മരീന സ്ഥാപിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. 240 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. പദ്ധതി രണ്ടു ഘട്ടങ്ങളിലായിരിക്കും നടപ്പിലാക്കുക.

(സി) എൽ. ആന്റ് ടി. റാംബോൾ നൽകിയ പ്രോജക്ട് ഇൻഫർമേഷൻ മെമ്മോറാണ്ടത്തിന്റെയടിസ്ഥാനത്തിൽ ആലപ്പുഴ തുറമുഖ വികസനത്തിന് സ്വകാര്യ പങ്കാളിത്തം ക്ഷണിച്ചുകൊണ്ട് 5-8-2003-ൽ പത്രപ്പരസ്യം നൽകുകയുണ്ടായി. ഇതനുസരിച്ച് മലേഷ്യയിലെ ട്രാൻസ് റിസോഴ്സസ് കോർപ്പറേഷൻ തുറമുഖ വികസനത്തിന് താൽപ്പര്യം പ്രകടിപ്പിക്കുകയുണ്ടായെങ്കിലും 20-11-2003-ലെ കത്തു പ്രകാരം അവരുടെ സാധാരണ പ്രവൃത്തികൾക്കപ്പുറത്താണ് ഈ പ്രോജക്ട് എന്നതിനാൽ പിൻമാറുകയാണെന്നറിയിച്ചിട്ടുണ്ട്. തുറമുഖ വികസനത്തിന് സ്വകാര്യ പങ്കാളിത്തം ക്ഷണിച്ചുകൊണ്ട് ഇനിയും പത്രപ്പരസ്യം നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly